**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.686(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6780/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 സെപ്റ്റംബർ 15**

ശ്രീ. സനിൽകുമാർ എസ്.കെ.,
എഞ്ചിനീയറിംഗ് ബ്രാഞ്ച്,
ഡിവിഷണൽ ഓഫീസ്,
സതേൺ റയിൽവേ, തൈയ്ക്കാട് പി.ഒ.,
തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.,
   തിരുവനന്തപുരം നഗരസഭ,
   തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
   അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   തിരുവനന്തപുരം നഗരസഭ,
   പാളയം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23/12/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27/01/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 01/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 08/06/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 29/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29/07/2021 |
| **ഹിയറിംഗ് നടന്ന തീയതി** | **14/09/2021 - വീഡിയോ ഹിയറിംഗ്** |
| **ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ** | **ഹാജരായി** |
| **എസ്.പി.ഐ.ഒ.** | **ഹാജരായി** |

## ഉത്തരവ്

ശ്രീ. സനിൽകുമാർ എസ്.കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 23.12.2020 ന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 6.2.2021-ന് ഒന്നാം അപ്പീൽ

അപേക്ഷ സമർപ്പിച്ചു എന്നും ആയതിന് TC 27/2187 നമ്പർ കെട്ടിടത്തെക്കുറിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ലെന്ന വാസ്തവ വിരുദ്ധമായ മറുപടിയാണ് നൽകിയതെന്നും ആയതിനാൽ അത്തരം അസത്യ പ്രസ്താവന നടത്തിയ ഉദ്യോഗസ്ഥനെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരമാണ്:

I. റ്റി.സി.നം.27/2187-ാം നമ്പർ മൂന്നുനില കെട്ടിടത്തിന് നിർമ്മാണ അനുമതിയോ റെഗുലറൈസേഷനോ നൽകിയത് കെ.എം.ബി.ആർ ലെ (കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം) ഏത് വകുപ്പുകൾ പ്രകാരമാണെന്നും

II. മേൽപ്പടി നമ്പർ കെട്ടിടത്തിന് നിർമ്മാണ അനുമതിയോ റെഗുലറൈസേഷനോ നൽകിയ കെട്ടിട നിർമ്മാണ ചട്ടത്തിലെ വകുപ്പുകൾ, ഇതേ റോഡിലെ ഇതേ ഓടയുടെ കരയിലുള്ള മറ്റ് നിർമ്മാണ പ്രവൃത്തികൾക്കും ബാധകമാണോ അല്ലയോ എന്നും

III. ബാധകമല്ല എങ്കിൽ അതിന് കാരണം എന്തെന്നുമാണ്.

3. ഒന്നാം എതിർകക്ഷി 27.01.2021-ന് ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഒന്നാമതായി ആവശ്യപ്പെട്ട ഇനത്തിന് പെർമിറ്റ് ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ കെട്ടിടം റഗുലറൈസ് ചെയ്തു നൽകിയ ചട്ടം ഏതെന്ന് അറിയുവാൻ കഴിയുന്നില്ലെന്നും 2, 3 എന്നീ ഇനങ്ങൾക്ക് പൂർത്തീകരിച്ച കെട്ടിടങ്ങളുടെ ഒക്കുപ്പൻസി അനുവദിക്കലും/ക്രമവൽക്കരണവും നടത്തുന്നത് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണെന്നുമാണ്.

4. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതും ചോദ്യവുമായി ഒരു ബന്ധവുമില്ലാത്തതാണെന്നും ആയതിനാൽ വ്യക്തമായ മറുപടി നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 1.3.2021 തീയതി രണ്ടാം എതിർകക്ഷി അപേക്ഷയിലെ 1, 2, 3 ഇനങ്ങൾക്ക് മറുപടി നൽകുകയും കൂടാതെ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ പ്രതിപാദിച്ചിരിക്കുന്ന റ്റി.സി.27/2187-ാം നമ്പർ കെട്ടിടത്തെ സംബന്ധിച്ച് നാളിതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതാണെന്നും പരാതി എന്തെങ്കിലും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കെട്ടിടത്തിനെതിരെയുള്ള

നിയമാനുസൃതമായ നടപടികൾ നഗരസഭ സ്വീകരിക്കുന്നതാണെന്ന അധിക വിവരം നൽകിയിട്ടുള്ളതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, റ്റി.സി.27/2187 നമ്പർ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയ്ക്ക് 27.1.2021-ന് എസ്.പി.ഐ.ഒ. മറുപടി നൽകിയിരുന്നു എന്നും പ്രസ്തുത മറുപടി തൃപ്തികരമല്ലായെന്ന് കാണിച്ചാണ് 6.2.2021 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതെന്നും ആയതിന് നൽകിയ മറുപടിയിൽ അപാകതയുണ്ടെന്ന് ആരോപിച്ചാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചതെന്നും റ്റി.സി.27/2187 നമ്പർ കെട്ടിടത്തിനെതിരെ പൊതുജനങ്ങളിൽ നിന്നും നേരിട്ട് നഗരസഭയ്ക്ക് പരാതി ലഭിച്ചിട്ടില്ല എന്ന വിവരമാണ് 1.3.2021 –ലെ മറുപടിയിലൂടെ ഹർജിക്കാരനെ അറിയിച്ചതെന്നും വിവരാവകാശ നിയമപ്രകാരം സമയബന്ധിതമായി മറുപടികൾ നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 3 ഇനങ്ങൾക്കും 1.3.2021–ന് രണ്ടാം എതിർകക്ഷി ക്രമത്തിൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി മറുപടിയിൽ റ്റി.സി.27/2187 നമ്പർ കെട്ടിടത്തെ സംബന്ധിച്ച് നാളിതുവരെ പരാതികൾ ഒന്നും ലഭിച്ചിട്ടില്ലെന്നും പരാതി എന്തെങ്കിലും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കെട്ടിടത്തിനെതിരെയുള്ള നിയമാനുസൃതമായ നടപടികൾ നഗരസഭ സ്വീകരിക്കുന്നതാണെന്നുമുള്ള അധികമായി നൽകിയ മറുപടി രണ്ടാം എതിർകക്ഷി എന്തിനാണ് നൽകിയതെന്ന് വ്യക്തമല്ല. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം അധികമായി നൽകിയ ടി മറുപടിയിന്മേലാണെന്ന് കാണുന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് ഉത്തരവുകൾ ഒന്നും പുറപ്പെടുവിക്കുന്നില്ല. എന്നാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകളിന്മേൽ മറുപടി നൽകുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് കമ്മീഷൻ എതിർകക്ഷികളെ ഓർമ്മപ്പെടുത്തുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 സെപ്റ്റംബർ 15-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION THIRUVANANTHAPURAM

us